**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി റീജ.കെ ക്യാൻസർ സംബന്ധമായ അസുഖത്തിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**568/2019/തസ്വഭവ.** **തീയതി, തിരുവനന്തപുരം,08/03/2019.**

---

പരാമർശം : 1) 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.

2) ശ്രീമതി. റീജ.കെ യുടെ 04.08.2016 ലെ അപേക്ഷയും ബില്ലുകളും.

3) പഞ്ചായത്ത് ഡയറക്ടറുടെ 05.09.2018 ലെ എഫ്2-6352/17 എന്ന നമ്പർ കത്ത്.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10/07/2018 ലെ എം.ആർ4(എൽ.ഡിസ്) 27026/2018/ആ.വ.ഡ നം. കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി. റീജ.കെ ക്യാൻസർ സംബന്ധമായ അസുഖത്തിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നേരിട്ട ചികിൽസാ ചെലവിൽ 87,049/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 69,639/- രൂപ(അറുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയൊൻപത് രൂപ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3)പ്രകാരം റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി റീജ.കെ ക്യാൻസർ

സംബന്ധമായ അസുഖത്തിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 87,049/- രൂപയുടെ 80% ആയ 69,639/- രൂപ (അറുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയൊൻപത് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, 1960 ലെ KGSMA റൂൾസിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ് മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീമതി. റീജ.കെ , സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ആരോഗ്യ വകുപ്പ്( 16.02.2018 ലെ G2/ 1702/ 2017/ H&FWD നം. കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ്( 24.01.2019 ലെ DEV- 1/ 346/ 2018/ Fin നം കുറിപ്പ് പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.323/ EPA3/ 18/ LSGD).

ഉത്തരവിൻപ്രകാരം,

Danuja MS

സെക്ഷൻ ഓഫീസർ